# സെൻറ് ഗ്രീഗോറിയോസ് യുവജനപ്രസ്ഥാനം : 'സാമൂഹ്യ പ്രതിബദ്ധതയുടെ ഹൃദയതാളം' സെമിനാർ സംഘടിപ്പിച്ചു

കുവൈറ്റ് : സെൻറ് ഗ്രീഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് മഹാഇടവകയിലെ യുവജനപ്രസ്ഥാന ത്തിൻെറ പത്താം വാർഷികത്തോടനുബന്ധിച്ച് കുവൈറ്റിലെ മലങ്കര ഓർത്തഡോക്സ് സഭാവിശ്വാസി കളായ യുവജനങ്ങളെ പങ്കെടുപ്പിച്ചു കൊണ്ട് ഫെബ്രുവരി 25-നു രാവിലെ 9 മുതൽ അബ്ബാസിയ സെൻറ് ജോർജ്ജ് ചാപ്പലിൽ വെച്ച് സെമിനാർ സംഘടിപ്പിച്ചു.

'സാമൂഹ്യ പ്രതിബദ്ധതയുടെ ഹൃദയതാളം'മെന്ന വിഷയത്തെ ആസ്പദമാക്കി അഹമ്മദി സെൻറ്. തോമസ് ഓർത്തഡോക്സ് ഇടവക വികാരി ഫാ. കുര്യൻ ജോൺ മുഖ്യപ്രഭാഷണം നടത്തി. 'യുവജന ങ്ങളും സമൂഹവും'മെന്ന വിഷയം മഹാഇടവക സെക്രട്ടറി സാബു ഏലിയാസ് അവതരിപ്പിച്ചു.

മഹാഇടവകയിലെ യുവജനപ്രസ്ഥാനത്തിൻെറ പഠന വിഭാഗമായ സൂഫിയോ തയ്യാറാക്കിയ ബുക്ക് മാർക്ക് ഫാ. രാജു തോമസ്, സെൻറ് ബേസിൽ ഇടവക വികാരി ഫാ. ഷാജി ജോഷ്വായ്ക്ക് നൽകി കൊണ്ട് പ്രകാശനം ചെയ്തു.

മഹാഇടവക വികാരിയും പ്രസ്ഥാനം പ്രസിഡണ്ടുമായ ഫാ. രാജു തോമസ്, സഹവികാരി ഫാ. റെജി സി. വർഗ്ഗീസ്, യുവജന പ്രസ്ഥാനം ലേ-വൈസ് പ്രസിഡണ്ട് ജോബി കളീക്കൽ, സെക്രട്ടറി എബി മാത്യു, കൺവീനർ ഷൈജു കുര്യൻ എന്നിവർ പ്രസംഗിച്ചു. കുവൈറ്റിലെ വിവിധ ഓർത്തഡോക്സ് ഇടവകകളിൽ നിന്നുള്ള യുവജനപ്രസ്ഥാന അംഗങ്ങൾ സമ്മേളനത്തിൽ പങ്കെടുത്തു.

*******